*Malappuram District Police*

## 29.10.2017 താനൂർ

താനൂർ റെയിൽവേ സ്റ്റേഷനിൽ നിന്നു വീണ്ടും കുഴൽപ്പണവുമായി ഒരാളെ അറസ്റ്റ് ചെയ്തു. തിരൂരങ്ങാടി മലയംപള്ളി ഇർഷാദിനെ(22)യാണ് താനൂർ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞദിവസം രാവിലെ ചെന്നൈ മെയിലിൽ വന്നിറങ്ങിയതാണ് ഇയാൾ. ഇയാളിൽ നിന്ന് 16.70 ലക്ഷം രൂപ കണ്ടെടുത്തു. താനൂർ റെയിൽവേ സ്റ്റേഷനിൽ, അഞ്ച് മാസത്തിനുള്ളിൽ നാലാമത്തെ സംഭവമാണിത്. രഹസ്യ വിവരത്തെ തുടർന്ന് റെയിൽവേ സ്റ്റേഷനിൽ നടത്തിയ തിരച്ചിലിലാണ് പ്രതി പിടിയിലായത്. സിഐ സി. അലവി, എസ്ഐ ആർ. രാജേന്ദ്രൻ നായർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.